മലയാളം ന്യൂസ്
സ്ഥാപകർ:
ഹിഷാം അലി ഹാഫിസ്, മുഹമ്മദ് അലി ഹാഫിസ്
Saudi Research & Publishing Company
Copyright by Saudi Research & Publishing Co. All Rights Reserved.
المجموعة السعودية للأبحاث والتسويق
SAUDI RESEARCH & MARKETING GROUP
SRMG P.O.Box 53108 Riyadh 11583 - K.S.A
Tel: +96614418060 - Fax: +96614419569
അഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് രാജകുമാരൻ
1987 ൽ സ്ഥാപിച്ചത്
എഡിറ്റർ - ഇൻ - ചീഫ്:
താരിഖ് മിശ്ഖസ്

കാലികം |

സംഗീത പരിപാടി അവതരിപ്പിക്കാൻ ഇനി ഇന്ത്യയിലേക്കില്ല. വിവാദങ്ങളിലേക്ക് എന്നെ വലിച്ചിഴച്ചതിൽ അതിയായ വേദനയുണ്ട്. ഇന്ത്യയിലെവിടെയും പരിപാടി നടത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. – ഗുലാം അലി

അന്വേഷണ പ്രഹസനങ്ങളിൽ അഭിരമിക്കുന്നവർ

രാജീവ് ശങ്കരൻ

> അഞ്ചാണ്ട് കൂടുമ്പോൾ ഭരണം മാറുകയെന്ന പതിവ് അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെയും ബാധിക്കും. പുതിയ സർക്കാർ വരുമ്പോൾ തനിക്ക് പ്രയാസമുണ്ടാകാതിരിക്കാൻ പാകത്തിലുള്ള മുൻകരുതൽ അവരുമെടുക്കും. അന്വേഷണമെന്ന പ്രഹസനത്തിനുള്ള ഏജൻസി മാത്രമാണ് നിലവിൽ വിജിലൻസ്. സർക്കാരിന്റെ നിയന്ത്രണത്തിൽ തുടരുമ്പോൾ തന്നെ സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഉദ്യോഗസ്ഥർക്കുണ്ടായില്ലെങ്കിൽ ഈ വിഭാഗത്തെ ഇല്ലാതാക്കി ഖജനാവിനുണ്ടാകുന്ന നഷ്ടം കുറക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ നിയമപരമായ അധികാരങ്ങൾ യഥാവിധി ഉപയോഗിക്കാൻ പാകത്തിലുള്ള കരുത്ത് ഉദ്യോഗസ്ഥർക്കുണ്ടാകണം

കേരളത്തിലെത്ര വിജിലൻസ് കേസുകളുണ്ടാകും? അതിൽ തന്നെ മന്ത്രിമാരോ മുൻ മന്ത്രിമാരോ ജനപ്രതിനിധികളോ ആരോപണ വിധേയരായ കേസുകൾ എത്രയുണ്ടാകും? അതിന്മേലൊക്കെ എന്ത് അന്വേഷണമാകും നടക്കുന്നുണ്ടാവുക? അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അത് എപ്പോൾ പൂർത്തിയാകും? അതിന് ശേഷം വിചാരണക്ക് എത്ര കാലം വേണ്ടിവരും? വിചാരണക്കോടതിയുടെ വിധിയും അതിന്മേൽ ഉയർന്ന കോടതികളിൽ നടക്കാനിടയുള്ള അപ്പീലുകളും കഴിയുമ്പോഴേക്ക് കാലമെന്താകും? ഇത്തരം അന്വേഷണങ്ങളിൽ വിജിലൻസിനുള്ള സ്വാതന്ത്ര്യം എത്രത്തോളമാണ്?

ബാർ കോഴയാരോപണവും തുടർന്നുണ്ടായ വിജിലൻസ് അന്വേഷണവും നിരവധി ചോദ്യങ്ങൾ അവശേഷിപ്പിച്ചാണ് തുടരുന്നത്. ഒരു പക്ഷേ, അഴിമതിയാരോപണങ്ങളെത്തുടർന്നുണ്ടാകുന്ന ഓരോ കേസും ഏതാണ്ട് ഇതേ ചോദ്യങ്ങൾ അവശേഷിപ്പിക്കാറുണ്ട്. കേരളത്തിലാകുമ്പോൾ രാഷ്ട്രീയ നേതൃത്വത്തിന്റെ മെയ്‌വഴക്കത്തിന് അനുസരിച്ച് ചോദ്യങ്ങളുടെ എണ്ണം കൂടുമെന്ന് മാത്രം. എന്തായാലും കുറ്റകൃത്യം നടന്നിട്ടുണ്ടോ എന്ന് കണ്ടെത്താൻ പാകത്തിലുള്ള സ്വതന്ത്ര അന്വേഷണം കേരളത്തിൽ നടക്കുന്നുണ്ടോ എന്ന വലിയ സംശയത്തിന് ബലമേകുകയാണ് ഓരോ അന്വേഷണവും.

ലൈസൻസുകൾ പുതുക്കിക്കിട്ടുന്നതിന് ബാറുടമകളിൽ നിന്ന് ധന – നിയമ മന്ത്രി കെ.എം. മാണി അഞ്ച് കോടി രൂപ കോഴ ആവശ്യപ്പെട്ടുവെന്നും ഇതിൽ 25 ലക്ഷം രൂപ തിരുവനന്തപുരത്തെയും പാലായിലെയും വസതിയിൽ വെച്ച് മാണിക്ക് കൈമാറിയെന്നുമാണ് ആരോപണം. അരോപണമുയർന്നപ്പോഴുണ്ടായ ആദ്യത്തെ ചോദ്യം വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിന് യോഗ്യമായ ഗൗരവം ആരോപണത്തിനുണ്ടോ എന്നതായിരുന്നു. പ്രാഥമിക അന്വേഷണം നടത്തണമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അത് നടന്നു. പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്ത് അന്വേഷണം നടത്തേണ്ടതുണ്ടോ എന്നതായി അടുത്ത ചോദ്യം.

നടത്തണമെന്നായിരുന്നു ഉത്തരം. അങ്ങനെ നടന്ന അന്വേഷണത്തിനൊടുവിൽ വിചാരണക്ക് യോഗ്യമായ തെളിവുകൾ/വിവരങ്ങൾ ലഭിച്ചോ എന്ന ചോദ്യമുയർന്നു. അതിന് ഉത്തരം തേടിയാണ് സുപ്രീം കോടതിയിലെ രണ്ട് മുതിർന്ന അഭിഭാഷകരെ വിജിലൻസ് (എന്നുവെച്ചാൽ മാണി കൂടി അംഗമായ സർക്കാർ) സമീപിച്ചത്. അവരുടെ വീക്ഷണത്തിൽ വിചാരണക്ക് യോഗ്യമായ വഹകളൊന്നും കേസിലുണ്ടായിരുന്നില്ല. ആയതിനാൽ അന്വേഷണ ഉദ്യോഗസ്ഥന്റെ മേൽനോട്ട ഗണത്തിൽപെട്ട വിജിലൻസ് ഡയറക്ടർ വരെയുള്ളവർ കേസ് അവസാനിപ്പിക്കാവുന്നതാണെന്ന റിപ്പോർട്ട് എഴുതി, അതനുസരിച്ചുള്ള ശുപാർശ അന്വേഷണ ഉദ്യോഗസ്ഥനും രേഖപ്പെടുത്തി. ആ രേഖകളാണ് വിജിലൻസ് കോടതി തള്ളുകയും തുടരന്വേഷണം വേണമെന്ന് ഉത്തരവിടുകയും ചെയ്തത്.

അതിന് തൊട്ടുപിറകെയാണ് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ ഇരുമ്പയിര് ഖനനത്തിന് സ്വകാര്യ കമ്പനിക്ക് ലൈസൻസ് നൽകാൻ മന്ത്രിയായിരിക്കേ എളംമരം കരീം അഞ്ച് കോടി കോഴ വാങ്ങിയെന്ന ആരോപണത്തിൽ എഫ്.ഐ.ആർ പോലും രജിസ്റ്റർ ചെയ്യാതെ കേസ് അവസാനിപ്പിക്കാൻ വിജിലൻസ് തീരുമാനിച്ച വിവരം പുറത്തു വരുന്നത്.

മുൻ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാർ കയർഫെഡിന്റെ ചുമതയിലിരുന്ന കാലത്ത് അഴിമതി കാട്ടിയെന്ന ആരോപണത്തിൽ വിചാരണ ചെയ്യാൻ പാകത്തിൽ തെളിവുണ്ടെന്ന വാർത്തയും പിറകെ വന്നു.

മാണിയുടെ കേസിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിന് ശേഷം വിചാരണക്ക് യോഗ്യമാണോ ഇല്ലയോ എന്ന് കണ്ടെത്താൻ നിയമോപദേശം തേടിയിരുന്നു. എന്നാൽ എളമരം കരീമിനെതിരായ അന്വേഷണത്തിൽ പ്രാഥമിക അന്വേഷണത്തിന് ശേഷം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാനുള്ള അടിസ്ഥാനമില്ലെന്നാണ് വിജിലൻസ് കണ്ടെത്തിയത്. അരുൺ കുമാറിനെതിരായ ആരോപണം വിചാരണക്ക് യോഗ്യമാണോ അല്ലയോ എന്ന് കണ്ടെത്താനായി ഏതെങ്കിലും വിദഗ്ധരുടെ ഉപദേശം വിജിലൻസ് തേടിയിരുന്നോ എന്നത് വ്യക്തമല്ല.

എന്തായാലും അഴിമതി ആരോപണങ്ങളെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിലൊന്നും പൊതു മാനദണ്ഡങ്ങളോ രീതികളോ ഇല്ലെന്നാണ് വ്യക്തമാകുന്നത്. അധികാരത്തിലിരിക്കുന്നവരുടെയോ അധികാരത്തെ സ്വാധീനിക്കാൻ ത്രാണിയുള്ളവരുടെയോ ആഗ്രഹങ്ങൾക്കൊപ്പിച്ചാണ് അന്വേഷണമെന്ന് കരുതേണ്ടിവരും. അഴിമതി ആരോപണമുയർന്നാലുടൻ കേസ് രജിസ്റ്റർ ചെയ്യുക എന്നത്, നിരവധി പ്രശ്നങ്ങൾക്ക് വഴിവെക്കും.

വ്യക്തി വൈരാഗ്യമോ രാഷ്ട്രീയ വൈരാഗ്യമോ മുൻനിർത്തി ആരോപണമുന്നയിക്കാനിടയുണ്ട്. അത്തരം ആരോപണങ്ങളിൽ കേസെടുത്താൽ രാഷ്ട്രീയ നേതാവ്/ഉദ്യോഗസ്ഥൻ ഇരയാക്കപ്പെടുന്ന സാഹചര്യമുണ്ടാകും. അതൊഴിവാക്കുന്നതിനാണ് പ്രാഥമിക അന്വേഷണത്തിന് ശേഷം കേസെടുക്കുക എന്ന രീതി പിന്തുടരുന്നത്. എന്നാൽ ആ രീതിയെ അഴിമതിക്കേസുകൾ അട്ടിമറിക്കാനുള്ള ഉപാധിയായി ഉപയോഗിക്കുകയാണ് ഭരണ നേതൃത്വം. പ്രാഥമിക അന്വേഷണത്തിന് ശേഷം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് നടത്തുന്ന അന്വേഷണത്തിന് ശേഷവും അട്ടിമറി സാധ്യതകൾ ഏറെയെന്നതിന് തെളിവാണ് മാണിക്കെതിരായ ആരോപണത്തിൽ സംഭവിച്ച കാര്യങ്ങൾ.

ഇപ്പോൾ കോടതി നിർദേശിച്ച തുടരന്വേഷണം പൂർത്തിയാക്കി ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചാലും ആരോപണ വിധേയരുടെ മുന്നിൽ സാധ്യതകൾ അനന്തമാണ്. അതിന് തെളിവാണ് രണ്ട് ദശകത്തിലേറെയായി തുടരുന്ന പാമൊലിൻ കേസ്. വിചാരണക്കെടുക്കാതെ അന്വേഷണ റിപ്പോർട്ട് തള്ളിക്കളയണമെന്നാവശ്യപ്പെട്ട് ആദ്യം വിജിലൻസ് കോടതിയെയും പിന്നീട് ഹൈക്കോടതി, സുപ്രീം കോടതി തുടങ്ങിയവയെയും സമീപിക്കാൻ ആരോപണ വിധേയന് സാധിക്കും. വിചാരണ തുടങ്ങണമെങ്കിൽ സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകേണ്ടതുണ്ട്. അത് നൽകിയാലും നൽകാതിരുന്നാലും നിയമ യുദ്ധത്തിന് സാധ്യതയുണ്ട്. അതൊക്കെ പൂർത്തിയായാലും വിചാരണ തടസ്സപ്പെടുത്താൻ പഴുതുകൾ നിരവധി. അതൊക്കെ പാമൊലിൻ കേസിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മന്ത്രിമാരോ ജനപ്രതിനിധികളോ ആരോപണ വിധേയരായി വിജിലൻസ് അന്വേഷിച്ച കേസുകളിൽ എത്രയെണ്ണത്തിൽ കുറ്റം തെളിയിക്കപ്പെട്ടുവെന്നത് കൂടി പരിശോധിക്കേണ്ടതുണ്ട്. ഇടമലയാർ കേസിൽ ആർ.ബാലകൃഷ്ണ പിള്ള ശിക്ഷിക്കപ്പെട്ടതൊഴിച്ചാൽ മറ്റൊരെണ്ണത്തിൽ പോലും ഒന്നുമുണ്ടായിട്ടില്ലെന്നതാണ് വസ്തുത. നിലവിൽ മന്ത്രിസഭയിലുള്ള മുസ്‌ലിം ലീഗ് നേതാവിനെതിരെ എത്ര വിജിലൻസ് കേസുകൾ നിലിവിലുണ്ട് എന്ന് അദ്ദേഹത്തിന് പോലും തിട്ടമുണ്ടാകില്ല.

കഴിഞ്ഞ ഇടത് മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന പലർക്കെതിരെയും കേസുകൾ നിലനിൽക്കുന്നു. ഏതെങ്കിലും കേസിൽ എന്തെങ്കിലും പുരോഗതിയുണ്ടായതായി അറിവില്ല. വിചാരണ ആരംഭിച്ച കേസുകളിൽ പോലും അത് അനന്തമായി നീളുകയാണ് ചെയ്യുന്നത്. മറുപടി പറയാൻ പ്രയാസമുണ്ടാകും വിധത്തിൽ പൊതുമധ്യത്തിൽ ശക്തമാകുന്ന ആരോപണങ്ങളുടെ കാര്യത്തിൽ മാത്രമാണ് പേരിനെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാകുകയോ പൂർത്തിയാകാൻ ശ്രമം നടക്കുകയോ ചെയ്യുന്നത്.

അഞ്ചാണ്ട് കൂടുമ്പോൾ ഭരണം മാറുന്ന പതിവ് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും അത് ഒതുക്കിത്തീർക്കുന്നതിലും കാരണമാകുന്നുണ്ട്. പുതിയ സർക്കാർ അധികാരമേറ്റാൽ പ്രതിപക്ഷത്തിരിക്കേ ഉന്നയിച്ച ആരോപണങ്ങളിലൊക്കെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യാൻ തീരുമാനിക്കും. കേസ് രജിസ്റ്റർ ചെയ്യുന്നതോടെ രാഷ്ട്രീയമായ ലക്ഷ്യം കൈവരിക്കും.

അതിന് ശേഷം ഇത് ഒതുക്കിത്തീർക്കുന്ന പ്രക്രിയ ആരംഭിക്കും. 2001 മുതൽ 2006 വരെ അധികാരത്തിലിരുന്ന യു.ഡി.എഫ് മന്ത്രിസഭയിലെ അംഗങ്ങൾക്കെതിരെ പല ആരോപണങ്ങൾ പ്രതിപക്ഷത്തിരുന്ന എൽ.ഡി.എഫ് ഉന്നയിച്ചിരുന്നു. അവർ അധികാരത്തിലെത്തിയപ്പോൾ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. എന്തെങ്കിലും സംഭവിച്ചതായി വിവരമില്ല.

അഞ്ചാണ്ട് കൂടുമ്പോൾ ഭരണം മാറുകയെന്ന പതിവ്, അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെയും ബാധിക്കും. പുതിയ സർക്കാർ വരുമ്പോൾ തനിക്ക് പ്രയാസമുണ്ടാകാതിരിക്കാൻ പാകത്തിലുള്ള മുൻകരുതൽ അവരുമെടുക്കും. അന്വേഷണമെന്ന പ്രഹസനത്തിനുള്ള ഏജൻസി മാത്രമാണ് നിലവിൽ വിജിലൻസ്.

സർക്കാരിന്റെ നിയന്ത്രണത്തിൽ തുടരുമ്പോൾ തന്നെ സ്വതന്ത്രമായി തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഉദ്യോഗസ്ഥർക്കുണ്ടായില്ലെങ്കിൽ ഈ വിഭാഗത്തെ ഇല്ലാതാക്കി ഖജനാവിനുണ്ടാകുന്ന നഷ്ടം കുറക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ നിയമപരമായ അധികാരങ്ങൾ യഥാവിധി ഉപയോഗിക്കാൻ പാകത്തിലുള്ള കരുത്ത് ഉദ്യോഗസ്ഥർക്കുണ്ടാകണം. അതുണ്ടാകാനിടയില്ലാത്തതിനാൽ തുടരുന്ന പ്രഹസനങ്ങളിൽ അഭിരമിക്കാം. അഴിമതിയോട് ഇത്രയേറെ സന്ധിചെയ്ത ഒരു ജനതക്ക് അതു മാത്രമേ വിധി വിഹിതമായുള്ളൂ.

നിർണായകം ഈ 'സെമിഫൈനൽ'

■ സി. റഹീം

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതീക്ഷ അർപ്പിച്ച് കഴിയുകയാണ് ഇരുമുന്നണികളും. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ സെമിഫൈനലായി കരുതുന്ന തദ്ദേശ തെരഞ്ഞെടുപ്പ് ഫലം ഇരുമുന്നണികൾക്കും ഒരുപോലെ നിർണായകവുമാണ്.

ബാർ കോഴ വിവാദത്തിൽപെട്ട് വീണ്ടും യു.ഡി.ഫ് പൊട്ടിത്തെറിയിലേക്ക് നീങ്ങുകയാണ്. തദ്ദേശ ഫലം യു.ഡി.എഫിന് അനുകൂലമായാൽ അതൊരു ജനവിധിയായി കണ്ട് സർക്കാരിന്റെ മുന്നോട്ടുള്ള പോക്കിന് പച്ചക്കൊടിയാകും. ബാർ കോഴ വിവാദത്തിൽപെട്ടുഴലുന്ന കെ.എം. മാണിക്ക് പറഞ്ഞു നിൽക്കാൻ കഴിയും. മാണിയുടെ രാജി ആവശ്യപ്പെട്ട് ഇടത് നേതാക്കൾ കഴിഞ്ഞ ദിവസം ഗവർണർ പി. സദാശിവത്തെ കണ്ടിരുന്നു. ധനമന്ത്രി മാണിയുടെ രാജിയിൽ കുറഞ്ഞ് ഒന്നുകൊണ്ടും തൃപ്തിപ്പെടില്ലെന്നാണ് എൽ.ഡി.എഫ് നേതാക്കൾ പറയുന്നത്.

കേരള കോൺഗ്രസിനുള്ളിലും മാണിക്കെതിരെ ശക്തമായ അടിയൊഴുക്കുകൾ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മികച്ച വിജയമുണ്ടെങ്കിലേ യു.ഡി.എഫിന് പിടിച്ചുനിൽക്കാനാവുകയുള്ളൂ. തെരഞ്ഞെടുപ്പിൽ തിരിച്ചടിയാണെങ്കിൽ സർക്കാരിൽ പ്രതിസന്ധി രൂക്ഷമാകും. മന്ത്രി കെ.എം.മാണി രാജിവെക്കുന്ന സ്ഥിതി വന്നാൽ. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും രാജിവെച്ച് തെരഞ്ഞെടുപ്പിനെ നേരിടേണ്ടതായിവരും. എന്നാൽ നിയമ വകുപ്പ് രാജിവെപ്പിച്ച് മാണിയുടെ മുഖം രക്ഷിക്കാനുള്ള നീക്കങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നത്.

കോട്ടയം ജില്ലയിലെ തദ്ദേശ തെരഞ്ഞെടുപ്പ് ഫലവും കേരള കോൺഗ്രസിന്റെ നിലനിൽപിനെ സ്വാധീനിക്കും. പി.സി.ജോർജും ഇടതുപക്ഷവുമായി ചേർന്ന് കേരള കോൺഗ്രസിനെ വെല്ലുവിളിക്കുന്നുണ്ട്. ബലാബല പരീക്ഷണം ഈ തെരഞ്ഞെടുപ്പിലൂടെയാവും പുറത്ത് വരിക. തെരഞ്ഞെടുപ്പ് ഫലം യു.ഡി.എഫിനും കേരള കോൺഗ്രസിനും പ്രതികൂലമായാൽ കേരള കോൺഗ്രസ് രാഷ്ട്രീയത്തിൽ പൊട്ടിത്തെറിയുണ്ടാകുമെന്നുറപ്പ്.

എസ്.എൻ.ഡി.പി, ബി.ജെ.പി.യുമായി ബന്ധം സ്ഥാപിച്ചതിനാൽ എൽ.ഡി.എഫിന്റെ പ്രതീക്ഷക്ക് തിരിച്ചടിയാകുമെന്നാണ് യു.ഡി.എഫ് കേന്ദ്രങ്ങൾ കരുതുന്നത്. ബീഫ് വിവാദത്തിലും എസ്.എൻ.ഡി.പി ബി.ജെ.പി ബന്ധത്തിന്റെ കാര്യത്തിലും എൽ.ഡി.എഫ് സ്വീകരിച്ച ശക്തമായ നിലപാടുകൾ മുസ്‌ലിം-ക്രിസ്ത്യൻ വോട്ടുകൾ എൽ.ഡി.എഫിലേക്ക് ആകർഷിക്കാൻ ഇടയാക്കുമെന്ന പ്രതീക്ഷയുണ്ട്. ന്യൂനപക്ഷ വോട്ടുകൾ കൂടി നേടി മികച്ച നേട്ടം കൊയ്യാനാകുമെന്ന പ്രതീക്ഷയാണ് എൽ.ഡി.എഫിനുള്ളത്.

വി.എസ്.അച്യുതാനന്ദൻ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിലും മുന്നണിയെ നയിക്കുമെന്ന സി. ദിവാകരന്റെ ആഗ്രഹം തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. എൽ.ഡി.എഫിനുള്ളിൽ ചില ചർച്ചകൾക്കിത് വഴിമരുന്നിടുകയും ചെയ്തു. ഈ സാഹചര്യത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയാൽ അധികാര കേന്ദ്രത്തെച്ചൊല്ലി എൽ.ഡി.എഫിൽ തർക്കമുണ്ടാകാനിടയുണ്ടെന്ന ആശങ്കയും പാർട്ടി കേന്ദ്രങ്ങൾക്കുണ്ട്.

ബി.ജെ.പിയെ സംബന്ധിച്ചും തെരഞ്ഞെടുപ്പ് ഫലം നിർണായകമാണ്. മികച്ച വിജയം നേടാനായാൽ എസ്.എൻ.ഡി.പി ബന്ധത്തിന് അനുകൂലമായ നടപടികൾ ഉണ്ടാകും. എസ്.എൻ.ഡി.പി ബന്ധം ബി.ജെ.പിക്ക് തിരിച്ചടിയാകുമെന്ന് കരുതുന്ന വിഭാഗത്തെ പാർട്ടിക്കുള്ളിൽ ഒതുക്കാനും കഴിയും. മൂന്നാം മുന്നണിയെന്ന തീരുമാനത്തിന് ആക്കം കൂടുകയും ചെയ്യും. എന്നാൽ പ്രതീക്ഷിച്ച വിജയം ബി.ജെ.പിക്ക് ലഭിക്കാതെ വന്നാൽ മൂന്നാം മുന്നണിയെന്നത് യാഥാർഥ്യമാകാനുള്ള സാധ്യത മങ്ങും. വെള്ളാപ്പള്ളി നടേശൻ ഡിസംബറിൽ പാർട്ടി പ്രഖ്യാപനമുണ്ടാകുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എസ്.എൻ.ഡി.പി അവരുടെ രാഷ്ട്രീയ പരീക്ഷണമാണ് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ നടത്തുന്നത്. ഇവിടെ തിരിച്ചടിയേറ്റാ പാർട്ടിയുടെ സാധ്യതക്ക് തിരിച്ചടിയേൽക്കും. അതുകൊണ്ടു തന്നെ ഈ തെരഞ്ഞെടുപ്പ് ഫലം യു.ഡി.എഫിനും എൽ.ഡി.എഫിനും ബി.ജെ.പിക്കും ഒരുപോലെ പ്രധാനമാണ്.

അനുസ്മരണം

അക്ഷരങ്ങളെ സ്നേഹിച്ച കർമധീരൻ

■ കെ.പി. കുഞ്ഞിമ്മൂസ



കെ.വി.എം. കുഞ്ഞി

വടക്കേ മലബാറിലെ വിദ്യാഭ്യാസ മേഖലയിൽ മികച്ച സ്ഥാനം അലങ്കരിക്കാൻ തളിപ്പറമ്പിന് ഭാഗ്യമുണ്ടായത് അക്ഷരങ്ങളോടുള്ള അടുപ്പമാണ്.

ഈ രംഗത്ത് ആശാവഹമായ മാറ്റങ്ങളുണ്ടാക്കുന്നതിൽ രാഷ്ട്രീയ പ്രവർത്തകർ വഹിച്ച പങ്ക് വളരെ വലുതാണ്. ഈ രംഗത്തെ ക്രിയാത്മകമായ ഇടപെടലുകൾക്ക് നേതൃത്വം വഹിച്ച കെ.വി.എം. കുഞ്ഞി ഓർക്കാപ്പുറത്ത് രക്തസാക്ഷിയായത് അക്ഷരാർഥത്തിൽ തളിപ്പറമ്പിനെ മാത്രമല്ല അക്ഷര ലോകത്തെയാകെ ഞെട്ടിച്ചു.

കുടുംബ സംഗമ വേളയിലും രാഷ്ട്രീയ വേദികളിലും മദ്രസാ വാർഷികാഘോഷത്തിലും കോളേജ് സംഗമത്തിലും പുസ്തകക്കെട്ടുമായി ചെന്ന് ക്വിസ് നടത്തി സമ്മാനം നൽകുന്ന വേളയിൽ കെ.വി.എം. കുഞ്ഞിയുടെ മിടുക്ക് എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്.

ഏതു ചോദ്യത്തിനം ഉത്തരം നൽകി സസന്തോഷം പുസ്തകം വാങ്ങി ഇരിപ്പിടത്തിലേക്ക് മടങ്ങുന്ന കുഞ്ഞിയോട് പലർക്കും അസൂയ തോന്നിയിട്ടുമുണ്ട്. പുസ്തകങ്ങളെയും പത്രങ്ങളെയും സ്നേഹിക്കുന്ന ഈ ഉത്തമ സുഹൃത്ത് വീട്ടിൽ കൊണ്ടുപോയി ബുക്ക്ഷെൽഫ് കാണിച്ചു ഹോം ലൈബ്രറിയുടെ മഹത്വം വിളംബരം ചെയ്തത് മറന്നുകൂടാ. വീട്ടുകാരിയെയും മക്കളെയും വിളിച്ചു വരുത്തി അഭിമാനത്തോടെ എഴുത്തുകാരന്റെ അനുഗ്രഹം വാങ്ങാൻ കുഞ്ഞി പ്രേരിപ്പിച്ചപ്പോൾ ഇതൊരു യാത്രയയപ്പിന്റെ റിഹേഴ്സലായിരുന്നു എന്ന് ഓർത്തതേയില്ല.

സപ്ലിമെന്റ് ഇറക്കുമ്പോൾ പത്രാധിപ സമിതിയേക്കാൾ ആവേശത്തോടെ ലേഖനമെഴുതാൻ കുഞ്ഞി പ്രേരിപ്പിക്കും. വായനാശീലം വളർത്തിക്കൊടുക്കാൻ സഹപ്രവർത്തകരെ കൂട്ടി കോഴിക്കോട്ടു വന്നു പുസ്തകങ്ങൾ വാങ്ങും. അര നൂറ്റാണ്ട് മുമ്പ് ഞാനെഴുതിയ ലേഖനങ്ങൾ തേടിപ്പിടിച്ച് ഫോട്ടോ കോപ്പി എടുത്ത് എത്തിക്കും. അതിൽ സംഘടനകളുടെയും വ്യക്തികളുടെയും ചരിത്രമുണ്ടെന്ന് തലമുറയെ ധരിപ്പിക്കും. അതിഥികളെ ക്ഷണിച്ചു വരുത്തിയാൽ സംഘാടകർ പ്രസംഗിച്ചു സമയം പാഴാക്കരുതെന്ന് കുഞ്ഞി ശഠിക്കും.

കളി കാണേണ്ടവർ കളിക്കാരാവരുതെന്ന് നിഷ്കർഷിക്കും. 2007 ൽ ഖുവ്വത്തുൽ ഇസ്‌ലാം അറബിക് കോളേജിന്റെ 67 ാം വാർഷികത്തിലും പ്രഥമ അസ്ഹരി കോൺവൊക്കേഷനിലും സ്വാഗത സംഘം ഭാരവാഹിയായിരുന്നു കുഞ്ഞി. മഖ്തൂം നഗറിനെ അന്ന് സമ്പന്നമാക്കിയ കുഞ്ഞി വിദ്യാഭ്യാസ നവോത്ഥാനത്തിന് ഒരാമുഖ വായന അണിയറയിൽ തയ്യാറാക്കി.

ആരെയും ആകർഷിക്കുന്ന പെരുമാറ്റവും സ്നേഹ ബഹുമാനത്തോടു കൂടിയ സംഘടനാ പാടവവും രാഷ്ട്രീയ പ്രതിയോഗികൾക്കു പോലും കുഞ്ഞിയെ പ്രിയങ്കരനാക്കി. കർമരംഗത്തു നിന്നു കൊണ്ടു തന്നെ വിലപ്പെട്ട ആ ജീവൻ അസ്തമിച്ചപ്പോൾ നാടും നാട്ടുകാരും നടുങ്ങിപ്പോയി. ഒരിക്കലും അസ്തമിക്കാത്ത പ്രഭയാണ് അദ്ദേഹം ചൊരിഞ്ഞത്. ദൗത്യം ഏറ്റെടുക്കാൻ ശിഷ്യഗണങ്ങൾക്കും സഹപ്രവർത്തകർക്കും സാധിക്കുമാറാകണം. സന്തപ്ത കുടുംബത്തിന് ശാന്തിയും സമാധാനവും ഉണ്ടാവട്ടെ. കെ.വി.എം. കുഞ്ഞിയുടെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

എ.എൽ. ജേക്കബ് എന്ന കോൺഗ്രസ് നേതാവിനെ കൊച്ചിക്കാർ കക്ഷി/രാഷ്ട്രീയ, ജാതി/മത, സ്ഥാന/പ്രായഭേദമെന്യേ ജേക്കബേട്ടൻ എന്നു വിളിച്ചു. പഴമക്കാർ പറയുന്നത് കേട്ടാൽ കൊച്ചി കണ്ട ഏറ്റവും ജനപ്രിയനായ കോൺഗ്രസ് നേതാവ്. അന്തരിച്ച് 20 ആണ്ടുകൾക്കിപ്പുറം അദ്ദേഹത്തിന്റെ രണ്ടാൺമക്കൾ രാഷ്ട്രീയത്തിന്റെ പേരിൽ തന്നെ പരസ്യമായി തമ്മിലടിക്കുന്നു. വിഴുപ്പലക്കുന്നു. മഹത്തായൊരു പൈതൃകത്തെ അവർ പുറങ്കാലിനു തൊഴിച്ച് മുല്ലശ്ശേരി കനാലിലെ മലിന ജലത്തിലേക്ക് എറിഞ്ഞിരിക്കുന്നു. കഷ്ടം!

–എസ്. ഹരികൃഷ്ണൻ

കേന്ദ്ര സർക്കാരിന്റെ കള്ളനും പോലീസും കളി

■ കാരൂർ സോമൻ, ലണ്ടൻ

ലോക സംസ്കാരത്തിന്റെ വിളനിലമായ ഇന്ത്യയുടെ മുക്കിലും മൂലയിലും പൂമണത്തിന്റെ ലഹരിപൂണ്ട വണ്ടിൻകൂട്ടങ്ങളെപ്പോലെ സംഹാര മൂർത്തികൾ വർഗീയ ഫാസിസ്റ്റ് ഭരണകൂടത്തിന്റെ അറിവോടെ നഗ്നമായി അഴിഞ്ഞാടുകയാണ്. ഇന്ത്യയിലെ സൂപ്പർ സ്റ്റാറുകൾക്ക് പൂനെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സമരാർത്ഥികൾക്ക് മംഗളം ഭവിക്കട്ടെ എന്നെങ്കിലും പറയാമായിരുന്നു. ഇതുപോലെ സാഹിത്യത്തിലും ധാരാളം മൗനമുനികളുമുണ്ട്. മൗനം വിദ്വാനു ഭൂഷണം എന്നല്ലേ? നമുക്കൊരു ദേശീയ സ്വഭാവമോ സംഘടനയോ ഇല്ലാത്തതിനാൽ സ്വാർത്ഥലാഭങ്ങൾ ഒരു പ്രധാന പങ്കുവഹിക്കാതിരിക്കില്ല. സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും നിസ്സംഗരായി കൈയും കെട്ടി നോക്കിനിൽക്കാനാകുമോ? റഷ്യൻ ഭരണകൂടത്തിന്റെ കുറ്റകൃത്യങ്ങൾ എണ്ണമിട്ട് എഴുതിയതിനാണ് പത്രപ്രവർത്തകയും എഴുത്തുകാരിയുമായ സ്വെറ്റ്‌ലാന അലക്സിവിച്ചിന് സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചത്. അന്ധകാരം നിറഞ്ഞ അധികാരത്തിന്റെ മതിൽക്കെട്ടുകൾക്ക് ഇളക്കമുണ്ടായാൽ അവിടെ വിജയിക്കുന്നതും ഒരു സംസ്കാരമാണ്. മാനവരാശിക്ക് റോമൻ ചക്രവർത്തിമാരും സാർ ചക്രവർത്തിമാരും ഹിറ്റ്ലർമാരും അധികാര-ഉപജാപക സംഘങ്ങളും ചാവേറുകളും നമ്മുടെ സമൂഹത്തിലെങ്കിലും വളരാതിരിക്കട്ടെ.

കാവ്യലോകത്ത് ഇന്ന് പലരും പലതും കുത്തിനിറയ്ക്കുന്നുണ്ട്. പ്രതിഭാശാലികളായ ജ്ഞാനികളും സാഹിത്യകാരന്മാരും കവികളും ധാരാളം യാതനകളും വേദനകളും സഹിച്ചാണ് ഓരോ സാഹിത്യ സൃഷ്ടികൾക്കും പൂർണരൂപം നൽകുന്നത്. അവരുടെ ഏകാഗ്ര മനസ്സിൽ പിറവിയെടുക്കുന്ന അനുഭൂതിയുടെ സൗന്ദര്യാവിഷ്കാരമാണ് സാഹിത്യം. സിനിമാ ലോകത്ത് ചിലരൊക്കെ നല്ല നോവലും കഥകളും വായിച്ച് തിരിമറി നടത്തി സ്വന്തം തിരക്കഥകൾ ഉണ്ടാക്കുന്നതായി കേട്ടിട്ടുണ്ട്. സാഹിത്യ ലോകത്തിൽ എം. മുകുന്ദൻ പറയുന്നതു പോലെ സ്വന്തം കീർത്തി ഉയർത്തിക്കാട്ടാനായി അഭിനവ സാഹിത്യകാരന്മാരും കടന്നുവരുന്നുണ്ട്. സാഹിത്യത്തിലെ ഈ വിഷാംശം ഒരു പരിശോധനയിലും കണ്ടെത്താൻ കഴിയില്ല. ഈ കൂട്ടർക്ക് നല്ല സ്വാധീനമുള്ളതിനാൽ അവാർഡുകൾ കിട്ടിയാലും ആശ്ചര്യപ്പെടേണ്ടതില്ല. ലക്ഷങ്ങൾ കൊടുത്ത് ഇന്ത്യൻ പ്രസിഡന്റിന്റെ പുരസ്കാരങ്ങൾ ഒപ്പിക്കുന്നവർക്ക് ഒന്നോ ഒന്നിലധികമോ നോവലോ, കഥയോ, കവിതയോ വാങ്ങുന്നതിൽ അത്ഭുതപ്പെടാനില്ല. ഇന്ത്യൻ പ്രസിഡന്റിന്റെ മഹത്വത്തെ ഞാനിവിടെ കുറച്ചുകാണുകയല്ല. അദ്ദേഹം അറിയുന്നില്ലല്ലോ മതരാഷ്ട്രീയ നേതൃത്വം പുരസ്കാരങ്ങൾക്കായി കുത്തിനിറയ്ക്കുന്ന പേരുകൾ. കച്ചവട സിനിമകൾ കമ്പോളത്തിൽ വിറ്റഴിക്കുന്നതു പോലെ സാഹിത്യവും ഈ അടുത്ത കാലങ്ങളിലായി കമ്പോളത്തിലെത്തിയിരിക്കുന്നു. പേരും പ്രശസ്തിയുമുള്ള ഇവർക്ക് ഓശാന പാടാൻ ഭരണത്തിലുള്ളവർ മാത്രമല്ല, കാവ്യലോകത്തുനിന്നുള്ളവരുമുണ്ട്. പെട്ടെന്ന് പൊട്ടിമുളച്ച ഈ അഭിനവ വിദ്വാൻമാരുടെ സർഗാത്മകത എവിടെയോ അതാർക്കുമറിയില്ല. എന്നാൽ ഇവിടെ പ്രത്യക്ഷമാണ്.

ഈ പുസ്തക പ്രകാശന വേദിയിൽ വിളക്കും എണ്ണയും തിരിയുമായി സരസ്വതി സാക്ഷിയായി കത്തിജ്വലിക്കുന്നുണ്ട്. ഈ കൂട്ടരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ വരുന്നതോ ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടിട്ടുള്ള മുഖങ്ങളാണ്. അതല്ലെങ്കിൽ ഭരണാധികാരി. എഴുത്തുകാർ വളരെ അപൂർവ്വമായിട്ടാണ് കാണുന്നത്. ഈ കാവ്യ സാമ്രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ ജ്ഞാനികളായി കടന്നുവരാനുള്ള എന്തു യോഗ്യതയാണ് ഇവർക്കുള്ളത്? ഒരു സംസ്കാരത്തിന്റെ പ്രതിനിധികൾ ആരെന്നു പോലും ഇക്കൂട്ടർക്കറിയില്ല. പുസ്തക പ്രകാശന കർമത്തിൽ പുസ്തകം കൈമാറുമെന്നല്ലാതെ ആ പുസ്തകത്തെപ്പറ്റി ആധികാരികമായി സംസാരിക്കാനോ വിലയിരുത്താനോ ഇവർക്കറിയില്ല. നീലാകാശം തൂത്തുവൃത്തിയാക്കുന്ന മേഘങ്ങളെപ്പോലെ ഇവർ വന്നുപോകുന്നു. സർവ്വവും ഞാനെന്ന ഭാവത്തിൽ വരുന്നവർ ഇതു സിനിമാശാലയല്ലേ എന്നെങ്കിലും മനസ്സിലാക്കിയാലും നന്ന്. ഇനിയും പോകുന്നിടത്ത് ഹൃദയസ്പർശിയായ ഒരു കവിത ചൊല്ലാനെങ്കിലും അറിഞ്ഞിരിക്കുന്നതു നല്ലതാണ്. ബുദ്ധിവാദം നല്ലതാണ്. പക്ഷേ ബുദ്ധിജീവിയാകാൻ ശ്രമിക്കരുത്. ഇവരൊക്കെ വരുമ്പോൾ ദൃശ്യമാധ്യമ പടകൾ ഒരു വിരുന്നുശാലയിൽ വരുന്നതു പോലെ കടന്നുവരാറുണ്ട്. പൊന്നിൻ കുടത്തിന് പൊട്ടു വേണ്ടായെങ്കിലും ഇവർ പൊട്ടു തൊട്ടും വന്ദിക്കും, വാഴ്ത്തിപ്പാടും. മാലോകരെല്ലാം അത് കണ്ടിരുന്ന് ആത്മഗതം ചോദിക്കും ഇപ്പോൾ എഴുത്തുകാരനായോ? നീണ്ട വർഷങ്ങളായി മലയാളം ഭാഷക്ക് ധാരാളം സംഭാവനകൾ നൽകിയിട്ടുള്ള എത്രയോ സർഗധനരായ എഴുത്തുകാർ മലയാള ഭാഷക്കുണ്ട്. അവരെയൊക്കെ ഇതുപോലെ പരിഗണിക്കാറുണ്ടോ? ചിലർക്കു എഴുത്തുകാരായിട്ടുള്ള സെക്രട്ടറിമാരുണ്ട്. ഈ പേരിൽ പ്രമുഖ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വിഷാംശം നിറഞ്ഞവ മാലോകർ വായിച്ചു രസിക്കുന്നുണ്ട്. ഈ കൗശല സൃഷ്ടികളെ സുകുമാർ അഴിക്കോടും പരിഹസിച്ചിട്ടുണ്ട്. ഇത്തരത്തിൽ മറ്റുള്ളവരെക്കൊണ്ട് എഴുതിക്കുന്നവർ സാഹിത്യത്തിന്റെ സൗന്ദര്യം കെടുത്തുന്നവരാണ്. ആകാശത്ത് നക്ഷത്രങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. മണ്ണിൽ ജീവിക്കുന്ന നാട്ടുകാർക്ക് സൂപ്പർ സ്റ്റാർ പദവി എങ്ങനെ ലഭിച്ചു? നക്ഷത്രങ്ങളേക്കാൾ വലിയ നക്ഷത്രങ്ങളുണ്ടോ? കലയെ കച്ചവടം ചെയ്ത് കോടികളുണ്ടാക്കുന്നവരെ എങ്ങനെയാണ് കലാകാരൻ എന്നു വിളിക്കുക? കല കച്ചവടത്തിനുള്ളതല്ലല്ലോ. ഞാനൊരു ലേഖനമെഴുതിയാൽ എനിക്കു ലഭിക്കുന്നത് 1500 രൂപയാണ്. എഴുത്തുകാർക്കും മുന്നിൽ സൂപ്പർമാൻ ആകാതിരുന്നാൽ മതിയായിരുന്നു. ഇത് കാക്കനാടനും പറഞ്ഞിട്ടുണ്ട്. വെറുമൊരു കാഴ്ചവസ്തുവായ സിനിമക്ക് എന്തായുസ്സാണുള്ളത്? അതുപോലെയാണോ പുസ്തകങ്ങൾ, അതെന്നും ജീവിക്കുന്നതല്ലേ?

പ്രാചീന കാലങ്ങളിൽ കാവ്യഗായകർ ചൊല്ലിക്കൊടുത്ത സാഹിത്യം കേട്ടാണ് കൂട്ടങ്ങളായിരുന്ന ജനങ്ങൾ ആസ്വദിച്ചത്. ദൃശ്യകാവ്യത്തിൽ അഭിനയിക്കുന്ന ആളാണ് നടൻ. അല്ലാതെ ദൃശ്യകാവ്യം സൃഷ്ടിക്കുന്നവനല്ല. പ്രധാനമായും കാവ്യം നാലു വിധത്തിലുണ്ട്. ആംഗികം, വാചികം, ആഹാര്യം, സാത്വികം. ഏതു മേഖലയായാലും അത് രാഷ്ട്രീയ സാഹിത്യ കലയായാലും ഒരു ധർമാദർശമുണ്ട്. അവിടെ വ്യക്തിസ്വാതന്ത്ര്യത്തിന് പ്രസക്തിയില്ല. അതും സമൂഹ മനഃസാക്ഷി ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. ഇവിടെ ആ ധർമ്മഭാവം കാണാനില്ല. ഇന്നാകട്ടെ ദൃശ്യകാവ്യമുണ്ടാക്കിയ ആൾ, വിവിധ നവരസങ്ങളിലൂടെ പ്രേക്ഷകനെ ആസ്വാദ്യതയുടെ അനർഘ നിമിഷങ്ങളിലൂടെ നടത്തിയ സംവിധായകൻ, ഗാനരചയിതാവ്, സംഗീത സംവിധായകൻ, ശബ്ദ വിന്യാസം നൽകുന്നവർ ഇവരേക്കാൾ ഏറെ പ്രാധാന്യം നൽകുന്നത് വേഷങ്ങൾ ചെയ്തവർക്കാണ്. ഒരു കഥയെയോ കഥാപാത്രങ്ങളെയോ സൃഷ്ടിക്കാൻ കഴിവില്ലാത്തവർക്ക് സൂപ്പർ സ്റ്റാർ എന്ന അലങ്കാരം ചാർത്തിക്കൊടുത്തത് ആരാണ്? സത്യനും നസീറുമൊക്കെ അഭിനയിച്ചിരുന്ന കാലത്ത് കുട്ടികൾ സിനിമക്ക് അമിത പ്രാധാന്യം നൽകിയിരുന്നില്ല. ഇന്നാകട്ടെ, കച്ചവട സിനിമകൾ കണ്ടിരിക്കാൻ അഭിനിവേശം കൂടുകയാണ്. അന്ന് കുട്ടികൾ ധാരാളം വായിച്ച് അറിവ് നേടിയിരുന്നു. ഇന്നാകട്ടെ കുട്ടികൾ ബോധപൂർവ്വം വായന ഒഴിവാക്കുന്നു. ഇന്നത്തെ ചാനൽ സംസ്കാരത്തിൽ കുട്ടികൾ അധികവും അറിവ് നേടുന്നത് സിനിമകളെപ്പറ്റിയാണ്. അതിനുള്ള വഴികൾ ഓരോരോ ചോദ്യോത്തര വേളകളിൽ അവതാരകരായി വരുന്ന നടന്മാർ പഠന ഗവേഷണ ഭാവത്തിൽ സിനിമ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യന്റെ ബോധമണ്ഡലം നവീകരിക്കാനും പുരോഗതിയിലേക്കു നയിക്കാനുമുള്ള ഏക മാർഗം വായന തന്നെയാണെന്നുള്ളതു കുട്ടികൾ മറക്കുന്നു. അറിവാണ് വികസിത രാജ്യങ്ങളെ പുരോഗതിയിലേക്കു നയിച്ചത്.

ഇന്ന് സാമൂഹ്യ നന്മയെ മുൻനിർത്തി സമകാലീന ജീർണതകളെ പരിഹസിച്ചും ചുരുളഴിച്ചും ദൃശ്യമാധ്യമങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്ന കാലമാണ്. വർഗീയ വാദികളായ ഭരണാധിപന്മാർ സ്നേഹവും സമാധാനവും പ്രസംഗിക്കുമെങ്കിലും സമൂഹം തമ്മിലടിച്ച് കാണാനാണ് അവരാഗ്രഹിക്കുന്നത്. തെരഞ്ഞെടുപ്പ് വരുമ്പോഴത്തെ ജാതി-മത-വർഗീയ കാർഡുകൾ ഇറക്കിയും അഴിമതിയിലൂടെ സമ്പാദിച്ച പണം യഥേഷ്ടം വിതറിയും അവർ വീണ്ടും വീണ്ടും ജയിക്കുന്നു. പാവം പട്ടിണിക്കാരൻ തോറ്റുകൊണ്ടുമിരിക്കുന്നു. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ പാവങ്ങൾ വിശപ്പിൽനിന്ന് വിശപ്പിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യം ഇന്നുമവർക്ക് പടിക്കു പുറത്തു തന്നെയാണ്. അധികാരമെന്ന മലമ്പാമ്പ് ഈ പാവങ്ങളെ ഇന്നും വരിഞ്ഞുമുറുക്കുന്നു. മരണം വരെ പെൻഷൻ പ്രായം പോലുമില്ലാതെ അധികാരത്തിലിരിക്കുന്ന സമ്പന്നന്മാരാകുന്ന ഈ വ്യവസ്ഥിതിക്കു ഒരു മാറ്റം വരേണ്ടതല്ലേ? കള്ളനും പോലീസും കളിക്കുന്ന കേന്ദ്ര ഭരണം മാറാൻ ഇനിയും എത്ര നാൾ കാത്തിരിക്കണം? സത്യാന്വേഷകരായ വിപ്ലവകാരികൾ ഈ കാലഘടികാരത്തിനുള്ളിൽ ജനിക്കുമെന്ന് പ്രതീക്ഷിക്കുക.

മലയാളം ന്യൂസ്
ടെലിഫോൺ: 012-2836200,
ഫാക്സ്: 012-2836256
ഇ-മെയിൽ: malnews@srpc.com
അൽ മദീന പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനിയിൽ അച്ചടിച്ചത്
ഹെഡ് ക്വാർട്ടേഴ്സ്: ഒനിയ ബിൽഡിംഗ്, മദീന റോഡ്, പോസ്റ്റ് ബോക്സ്: 13443, ജിദ്ദ 21493. ടെലിഫോൺ: 2836200, ഫാക്സ്: 2836256. ഇ-മെയിൽ malnews@srpc.com.
റിയാദ്: ടെലി: (011)2128000-1310 (5 ലൈനുകൾ), ഫാക്സ്: (011) 4419933 എക്സ്റ്റൻഷൻ 1186, ഇ-മെയിൽ: malriy@srpc.com
ദമാം: ടെലി: (03) 8353838-4120. ഫാക്സ്: (03) 8340489 ഇ-മെയിൽ: dammalnews@srpc.com
തിരുവനന്തപുരം ബ്യൂറോ: മലയാളം ന്യൂസ്, രണ്ടാം നില, സായ് കൃപ ബിൽഡിംഗ്, വഴുതക്കാട്, പിൻ- 695014, ടെലി: 2326575, ഫാക്സ്: 2326764. ഇ-മെയിൽ: malnews@dataone.in
വരിസംഖ്യ: സൗദി അറേബ്യക്ക് പുറത്ത്: അറബ് രാജ്യങ്ങളിൽ ഒരു വർഷത്തേക്ക് പോസ്റ്റൽ ചാർജ് ഉൾപ്പെടെ 507 ഡോളർ; മറ്റ് രാജ്യങ്ങളിൽ പോസ്റ്റൽ ചാർജ് ഉൾപ്പെടെ 604 ഡോളർ.
അംഗീകൃത പരസ്യ ഏജൻസി: അൽ-ഖലീജിയ അഡ്വർടൈസിംഗ് ആൻഡ് പബ്ലിക് റിലേഷൻസ് കമ്പനി ലിമിറ്റഡ് വിലാസം: ജിദ്ദ: പി.ബി. 14699, ജിദ്ദ 21434. ടെലി: 2511333. ഫാക്സ്: 6649740. റിയാദ്: ടെലി: 011-4411444. ഫാക്സ്: 011-4400996. ദമാം: ടെലി: 03-8333344, ഫാക്സ്: 8335211 യു.എ.ഇ: മീഡിയാ സിറ്റി, പി.ബി. 4740, ദുബായ്. ടെലി: (9714) 3914440 ഫാക്സ്: (9714)
സൗദി അറേബ്യയിലെ വിതരണക്കാർ: സൗദി ഡിസ്ട്രിബ്യൂഷൻ കമ്പനി ഹെഡ് ഓഫീസ്: റിയാദ്, ഹായ് അൽ മുഅ്തമറാത്, മക്കാ ഖുറൈസ് റോഡ്, പി.ഒ. ബോക്സ് 62116, റിയാദ് 11585, ഫോൺ 011-4419933, ഫാക്സ്: 011-2121774, സെൻട്രൽ റീജിയൺ, ഫോൺ: 011-4779444, വെസ്റ്റേൺ റീജിയൺ, ഫോൺ: 012-6530909, ഈസ്റ്റേൺ റീജിയൺ, ഫോൺ: 03-8473562, സൗത്ത് റീജിയൺ, ഫോൺ: 07-2218693, നോർത്ത് റീജിയൺ, ഫോൺ: 06-3243070, ടോൾ ഫ്രീ നമ്പർ: 8002440076, വെബ്സൈറ്റ്: www.saudi-distribution.com, E-mail: info@saudi-distribution.com വരിസംഖ്യക്കും വിൽപനക്കും: E-mail: orders@saudi-distribution.com യു.എ.ഇ.യിലെ വിതരണക്കാർ: എമിറേറ്റ്സ് പ്രിന്റിംഗ്, പബ്ലിഷിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ കമ്പനി, ഹെഡ് ഓഫീസ്: ദുബായ്, ഫോൺ: 3916502, ഫാക്സ്: 3918355, അബുദാബി: ഫോൺ: 4456500, ഫാക്സ്: 4456665 കുവൈത്ത്: ദി കുവൈറ്റി ഗ്രൂപ്പ് ഫോർ പബ്ലിഷിംഗ് & ഡിസ്ട്രിബ്യൂഷൻ കമ്പനി. ഫോൺ: 2417810, ഫാക്സ്: 2417809 ഖത്തർ: ദാർ അൽ -തകാഫാഹ്, ഫോൺ: 622188,621942, ഫാക്സ്: 621800.